REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-06-2024** **സമയം 12.30 pm**

## പ്രധാന വാർത്തകൾ

- കേന്ദ്രത്തിൽ നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ മൂന്നാമത് ഗവൺമെന്റ് രൂപീകരിക്കുന്നതിന് തിരക്കിട്ട ശ്രമങ്ങൾ തുടരുന്നു. NDA പാർലമെന്ററി പാർട്ടി യോഗം നാളെ ന്യൂഡൽഹിയിൽ.
- സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുക്കാൻ നിരവധി ലോക നേതാക്കൾ എത്തും.
- ഗവൺമെന്റിൽ മന്ത്രിസ്ഥാനം സംബന്ധിച്ച് ഉപാധികളൊന്നും മുന്നോട്ടുവെച്ചിട്ടില്ലെന്ന് ജെഡിയു.
- 18-ാം ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സമഗ്രമായ പട്ടിക മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ ഇന്ന് രാഷ്ട്രപതിക്ക് കൈമാറും.
- ഉത്തരാഖണ്ഡിൽ ട്രക്കിംഗിനിടെ മലയാളി ഉൾപ്പെടെ ഒൻപത് പേർ മരിച്ചു.
- ഫിഫ ലോകകപ്പ് - 2026 ഫുട്ബോൾ യോഗ്യതാ മത്സരത്തിൽ ഇന്ത്യ വൈകീട്ട് കുവൈറ്റിനെ നേരിടും.

## വാർത്തകൾ വിശദമായി

**കേന്ദ്രത്തിൽ നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ മൂന്നാമത് NDA ഗവൺമെന്റ് രൂപീകരിക്കുന്നതിന് തിരക്കിട്ട ശ്രമങ്ങൾ തുടരുന്നു. ഇന്നലെ ഡൽഹിയിൽ ചേർന്ന എൻഡിഎ യോഗം പ്രധാനമന്ത്രി നരേന്ദ്ര മോദിയെ നേതാവായി തിരഞ്ഞെടുത്തിരുന്നു.**

നിതീഷ്കുമാർ നേതൃത്വം നൽകുന്ന ജെ ഡി യുവും ചന്ദ്രബാബു നായിഡുവിന്റെ തെലുഗുദേശം പാർട്ടിയുമാണ് എൻ ഡി എയിലെ പ്രധാന സഖ്യകക്ഷികൾ.

അതിനിടെ, BJP ദേശീയ അധ്യക്ഷൻ J.P നദ്ദയുടെ ന്യൂഡൽഹിയിലെ വസതിയിൽ കേന്ദ്രമന്ത്രിമാരുടെയും മുതിർന്ന പാർട്ടി നേതാക്കളുടെയും യോഗം പുരോഗമിക്കുന്നു. കേന്ദ്രമന്ത്രിമാരായ അമിത്ഷാ, രാജ്നാഥ് സിംഗ് എന്നിവരും മുതിർന്ന നേതാക്കളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

മന്ത്രിസഭാ രൂപവത്കരണം ഉൾപ്പെടെ വിഷയങ്ങൾ ചർച്ചയായേക്കും.

ബിഹാർ മുഖ്യമന്ത്രിയും JDU അധ്യക്ഷനുമായ നിതിഷ് കുമാറിന്റെ ന്യൂഡൽഹിയിലെ വസതിയിൽ ചേരുന്ന യോഗത്തിൽ പങ്കെടുക്കുന്നതിന് നിരവധി JDU നേതാക്കളും എത്തിയിട്ടുണ്ട്.

NDA പാർലമെന്ററി പാർട്ടി യോഗം നാളെ ന്യൂഡൽഹിയിൽ ചേരും. BJP, TDP, JDU, LJP-R, ശിവസേന ഷിൻഡെ വിഭാഗം, JDS ഉൾപ്പെടെ NDA ഘടകകക്ഷികളിലെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട MP മാർ യോഗത്തിൽ പങ്കെടുക്കും.

മോദിയുടെ നേതൃത്വത്തിൽ എല്ലാ രംഗത്തും വികസനത്തിന് രാജ്യം സാക്ഷ്യം വഹിച്ചതായി ഇന്നലെ ചേർന്ന NDA യോഗം പ്രമേയം പാസാക്കിയിരുന്നു.

✪✪✪

നരേന്ദ്ര മോദി തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്ന ചടങ്ങിൽ പങ്കെടുക്കാൻ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന നാളെ വൈകിട്ട് ന്യൂഡൽഹിയിലെത്തും. സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്ത ശേഷം ഞായറാഴ്ച അവർ ധാക്കയിലേക്ക് തിരിച്ചുപോകും. സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ ടെലിഫോൺ സംഭാഷണത്തിനിടെ പ്രധാനമന്ത്രി ക്ഷണിക്കുകയും ഷെയ്ഖ് ഹസീന ക്ഷണം സ്വീകരിക്കുകയും ചെയ്തു.

ശ്രീലങ്കൻ പ്രസിഡണ്ട് റെനിൽ വിക്രമ സിങ്കയും പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിച്ച് ശനിയാഴ്ച നടക്കുമെന്ന് കരുതുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ എത്തുമെന്ന് അറിയിച്ചു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിലെ ഹാട്രിക് വിജയത്തിൽ ആശംസകൾ നേർന്ന ലോക നേതാക്കൾക്ക് നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോക രാജ്യങ്ങളുമായി ശക്തമായ ബന്ധം തുടരുമെന്ന് മോദി എക്സ് പോസ്റ്റിൽ വ്യക്തമാക്കി.

✪✪✪

പുതിയ എൻഡിഎ ഗവൺമെന്റിൽ മന്ത്രിസ്ഥാനം സംബന്ധിച്ച് ഉപാധികളൊന്നും മുന്നോട്ടുവെച്ചിട്ടില്ലെന്ന് ജെഡിയു വക്താവ് K.C ത്യാഗി പറഞ്ഞു. മന്ത്രിസഭാ രൂപീകരണവുമായി ബന്ധപ്പെട്ട് എൻഡിഎ സഖ്യകക്ഷികളുമായി സംസാരിക്കാൻ ചുമതല ബിജെപി അധ്യക്ഷൻ ജെപി നദ്ദയ്ക്കും കേന്ദ്രമന്ത്രി രാജ്നാഥ് സിംഗിനും നൽകിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ നടക്കുന്നുണ്ടെന്നും അദ്ദേഹം ആകാശവാണി ന്യൂസിനോട് പറഞ്ഞു. എങ്കിലും, ദാരിദ്ര്യം, തൊഴിലില്ലായ്മ, കുടിയേറ്റം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ ബിഹാറിന് പ്രത്യേക പദവി വേണമെന്ന് ജെഡിയു വ്യക്തമാക്കി.

ബിഹാറിൽ 12 ലോക്സഭാ സീറ്റുകൾ നേടിയ ജെഡിയു പുതിയ ഗവൺമെന്റിൽ നിർണായക പങ്ക് വഹിക്കുമെന്നാണ് കരുതുന്നത്.

✪✪✪

പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയും തൃണമൂൽ കോൺഗ്രസ് അധ്യക്ഷയുമായ മമത ബാനർജി, പുതുതായി തിരഞ്ഞെടുക്കപ്പെട്ട 29 പാർട്ടി MP മാരുമായി ശനിയാഴ്ച നിർണായക യോഗം ചേരും. പാർലമെന്റിൽ സ്വീകരിക്കേണ്ട തന്ത്രങ്ങൾ യോഗം ചർച്ച ചെയ്യുമെന്ന് പാർട്ടി കേന്ദ്രങ്ങൾ കൊൽക്കത്തയിൽ അറിയിച്ചു.

✪✪✪

18-ാം ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സമഗ്രമായ പട്ടിക മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ ഇന്ന് രാഷ്ട്രപതിക്ക് കൈമാറും. അതിനുശേഷം ഏറ്റവും വലിയ ഒറ്റകക്ഷിയെ ഗവൺമെന്റ് രൂപീകരിക്കാൻ രാഷ്ട്രപതി ക്ഷണിക്കും.

✪✪✪

കൊച്ചി മെട്രോ തൃശൂരിലേക്ക് നീട്ടാൻ ശ്രമം നടത്തുമെന്ന് നിയുക്ത MP സുരേഷ്ഗോപി അറിയിച്ചു. BJP കേന്ദ്ര നേതൃത്വം ആവശ്യപ്പെട്ടാൽ

**മന്ത്രിയാകുമെന്നും തനിക്ക് സിനിമ ചെയ്യണമെന്നാണ് ആഗ്രഹമെന്നും അദ്ദേഹം തൃശൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. തൃശ്ശൂർ പൂരം നടത്തിപ്പിൽ മാറ്റം ഉണ്ടാക്കുമെന്നും, അദ്ദേഹം അറിയിച്ചു.**

**✪✪✪**

**K.മുരളീധരൻ ഏതു സ്ഥാനത്തും അനുയോജ്യനായ നേതാവാണെന്ന് മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി P.K കുഞ്ഞാലിക്കുട്ടി പറഞ്ഞു. രാഹുൽ ഗാന്ധി വയനാട്ടിലെ സീറ്റ് ഒഴിഞ്ഞാൽ അവിടെ കോൺഗ്രസ് തന്നെ മൽസരിക്കുമെന്നും വയനാട്ടിൽ ആര് വന്നാലും ഇപ്പോഴത്തെ ഭൂരിപക്ഷം കിട്ടുമെന്നും അദ്ദേഹം മലപ്പുറത്ത് പറഞ്ഞു.**

**✪✪✪**

**തൃശൂരിലെ UDF സ്ഥാനാർത്ഥി K. മുരളീധരനുമായി KPCC അധ്യക്ഷൻ കെ. സുധാകരൻ ഇന്ന് കൂടിക്കാഴ്ച നടത്തും. കെ.മുരളീധരന്റെ കോഴിക്കോട്ടെ വീട്ടിൽ വൈകീട്ടാണ് കൂടിക്കാഴ്ച.**

**✪✪✪**

**ഉത്തരാഖണ്ഡിലെ സഹസ്ത്ര താളിന് സമീപം ട്രക്കിംഗിനിടെ മലയാളി ഉൾപ്പെടെ ഒൻപത് പേർ മരിച്ചു. തിരുവനന്തപുരം സ്വദേശിനി ആശ സുധാകറാണ് മരിച്ച മലയാളി. മോശം കാലാവസ്ഥയെ തുടർന്ന് വഴിതെറ്റിയ സംഘം അപകടത്തിൽപെടുകയായിരുന്നു. 22 അംഗ സംഘത്തിലെ മറ്റുള്ളവരെ IAF, NDRF, SDRF എന്നിവയുടെ സംയുക്ത ഓപറേഷനിൽ രക്ഷപ്പെടുത്തി.**

**✪✪✪**

**മുതിർന്ന CPIM നേതാവും കേരളത്തിലെ കർഷക തൊഴിലാളി സമരത്തിന്റെ മുന്നണിപ്പോരാളിയുമായിരുന്ന K.S ശങ്കരൻ അന്തരിച്ചു. വാർദ്ധക്യ സഹജമായ അസുഖത്തെത്തുടർന്ന് പറവൂരിലായിരുന്നു 89 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.**

**കെ. എസ് ശങ്കരന്റെ നിര്യാണത്തിൽ മുഖ്യമന്തി പിണറായി വിജയൻ അനുശോചിച്ചു. തൃശൂരിലെ പ്രശസ്തമായ മണി മലർകാവ് മാറ് മറയ്ക്കൽ സമരം ഉൾപ്പെടെ നിരവധി പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത് അദ്ദേഹം കൊടിയ മർദ്ദനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.**

**✪✪✪**

അങ്കണവാടികളിലെ സംസ്ഥാനതല പ്രവേശനോത്സവം മന്ത്രി വീണ ജോർജ് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ചൂഴമ്പാല മാതൃകാ അങ്കണവാടിയിൽ നടന്ന ചടങ്ങിൽ വി കെ പ്രശാന്ത് MLA അധ്യക്ഷനായിരുന്നു. കഴിഞ്ഞ മാസം 30 ന് നടത്താൻ നിശ്ചയിച്ചിരുന്ന പരിപാടി കനത്ത മഴയെ തുടർന്ന് ഇന്നത്തേക്ക് മാറ്റി വയ്ക്കുകയായിരുന്നു.

✪✪✪

അംഗനവാടി പ്രവേശനോത്സവം കോഴിക്കോട് ജില്ലാതല ഉദ്ഘാടനം പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ മരുതേരി അംഗനവാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി നിർവഹിച്ചു. പ്രവേശനോത്സവം മികച്ച അനുഭവമാക്കാൻ കുട്ടികൾക്കായി കുട്ടിപ്പാട്ട്, പേപ്പർ കൊണ്ട് നിർമ്മിച്ച കളിപ്പാട്ട വിതരണം തുടങ്ങി വിവിധ കലാപരിപാടികൾ ഒരുക്കിയിരുന്നു. കോഴിക്കോട് ജില്ലയിൽ 2,938 അംഗനവാടികളാണ് പ്രവർത്തിക്കുന്നത്.

✪✪✪

CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ നൽകിയ അപകീർത്തി കേസിൽ സ്വപ്ന സുരേഷിന് ജാമ്യം. തളിപ്പറമ്പ് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യം നൽകിയത്. കേസ് ഈ മാസം 25 ന് പരിഗണിക്കും. കേസിൽ നിരന്തരം ഹാജരാകാതിരുന്നതിനാൽ കോടതി വാറണ്ട് പുറപ്പെടുവിച്ചിരുന്നു. മുഖ്യമന്ത്രിക്കും മകൾക്കും എതിരെ സ്വപ്ന സുരേഷ് ആരോപണം ഉന്നയിച്ചിരുന്നു.

ആരോപണങ്ങളിൽ ഉറച്ചു നിൽക്കുന്നുവെന്ന് സ്വപ്ന സുരേഷ്. അവരും മാനനഷ്ടക്കേസ് കൊടുക്കട്ടെ എന്ന് സ്വപ്നയുടെ അഭിഭാഷകൻ കൃഷ്ണരാജ് പറഞ്ഞു.

✪✪✪

കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് ഇന്ന് അഞ്ച് ഹജ്ജ് വിമാന സർവ്വീസുകൾ നടത്തും. 804 തീർത്ഥാടകർ ഈ വിമാനങ്ങളിൽ സൗദിയിലേക്ക് പുറപ്പെടും. നെടുമ്പാശ്ശേരിയിൽ നിന്ന് ഒരു സർവ്വീസും ഇന്നുണ്ടാകും. എന്നാൽ കണ്ണൂരിൽ നിന്ന് ഇന്ന് ഹജ്ജ് വിമാന സർവ്വീസില്ല. നാളെ രണ്ട് ഹജ്ജ് സർവീസുകൾ കണ്ണൂരിൽ നിന്ന് ഉണ്ടായിരിക്കും.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ നാല് ആരാധനകളിൽ അവസാനത്തേതായ രോഹിണി ആരാധന ഇന്ന് നടക്കുന്നു. സവിശേഷമായ ആലിംഗന പുഷ്പാഞ്ജലിയും ഇന്നാണ്. കുറുമാത്തൂർ ഇല്ലത്തെ നായ്ക്കർ സ്ഥാനികനാണ് ആലിംഗന പുഷ്പാഞ്ജലി നടത്താൻ അവകാശം. ഉച്ചയ്ക്ക് പൊന്നിൻ ശീവേലിയും ആരാധന സദ്യയും ഉണ്ടാവും. സ്വയംഭൂവിൽ സന്ധ്യയ്ക്ക് പാലമൃതഭിഷേകവും നടക്കും .

13-ന് മകംനാൾ ഉച്ച ശീവേലിക്കുശേഷം സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനമില്ല.

✪✪✪

ഫിഫ ലോകകപ്പ് - 2026 ഫുട്ബോൾ യോഗ്യതാ മത്സരത്തിൽ ഇന്ത്യ ഇന്ന് കുവൈറ്റിനെ നേരിടും. ക്യാപ്റ്റൻ സുനിൽ ഛേത്രിയുടെ അവസാന അന്താരാഷ്ട്ര മത്സരം കൂടിയായിരിക്കും ഇത്. 19 വർഷത്തെ രാജ്യാന്തര ഫുട്ബോൾ ജീവിതത്തിൽ നിന്ന് ഈ മത്സരത്തോടെ ഛേത്രി വിരമിക്കും. കൊൽക്കത്ത സാൾട്ട് ലേയ്ക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ബ്രിഡ്ജ്ടൗണിൽ ഓസ്ട്രേലിയ ഒമാനെ 39 റൺസിന് പരാജയപ്പെടുത്തി. 165 റൺസ് വിജയലക്ഷ്യവുമായി ക്രീസിലിറങ്ങിയ ഒമാന് നിശ്ചിത ഓവറിൽ 125 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ.

പ്രൊവിഡൻസിൽ നടന്ന മത്സരത്തിൽ പാപുവ ന്യൂ ഗിനിയയെ ഉഗാണ്ട മൂന്ന് വിക്കറ്റിന് തോൽപ്പിച്ചു. 78 റൺസ് വിജയലക്ഷ്യവുമായി ക്രീസിലിറങ്ങിയ ഉഗാണ്ട 18.2 ഓവറിൽ ലക്ഷ്യം കണ്ടു.

ഇന്നത്തെ മൂന്നാമത്തെ മത്സരത്തിൽ പാക്കിസ്ഥാൻ അമേരിക്കയെ നേരിടും. രാത്രി ഒൻപതിന് ഡള്ളാസിലാണ് മത്സരം.

ഇന്ത്യൻ സമയം നാളെ പുലർച്ചെ 12.30ന് നമീബിയ സ്കോട് ലാൻഡുമായി ഏറ്റുമുട്ടും. ബ്രിഡ്ജ് ടൗണിലാണ് മത്സരം.

✪✪✪

ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്നലെ , അയർലന്റിനെ എട്ട് വിക്കറ്റിന് തോൽപ്പിച്ച ഇന്ത്യ അടുത്ത ഗ്രൂപ്പ് ഘട്ട മത്സരത്തിൽ ഞായറാഴ്ച പാകിസ്താനെ നേരിടും. അടുത്ത ബുധനാഴ്ച്ച നടക്കുന്ന മത്സരത്തിൽ

അമേരിക്കയാണ് ഇന്ത്യയുടെ എതിരാളി . ഈ മാസം 15-ന് അവസാന ഗ്രൂപ്പ് മത്സരത്തിൽ ഫ്ലോറിഡയിൽ ഇന്ത്യ - കാനഡയെ നേരിടും.

✪✪✪

പ്രശസ്ത നാടക കലാകാരനും കോഴിക്കോട് ആകാശവാണിയിലെ ഉദ്യോഗസ്ഥനുമായിരുന്ന ഖാൻ കാവിലിന്റെ ഇരുപത്തിയേഴാം ഓർമ്മദിനത്തിൽ കോഴിക്കോട് കാവുന്തറ ഖാൻ കാവിൽ ഗ്രന്ഥാലയവും കാസ്ക കാവിലും സംയുക്തമായി അനുസ്മരണ പരിപാടി സംഘടിപ്പിച്ചു.

എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ ചടങ്ങിൽ അനുമോദിച്ചു.

✪✪✪

പോളിസിയെടുത്തിട്ടും ചികിത്സാ ചെലവിനായി ഇൻഷുറൻസ് തുക അനുവദിക്കാതിരുന്ന കമ്പനിക്കെതിരെ നഷ്ടപരിഹാരവും ചികിത്സാ ചെലവിലേക്കുമായി രണ്ട് ലക്ഷത്തി 97,234 രൂപ നൽകാൻ മലപ്പുറം ജില്ലാ ഉപഭോക്തൃ കമ്മീഷന്റെ വിധി. അരീക്കോട് പൂവത്തിക്കൽ സ്വദേശി വേലായുധൻ നായർ നൽകിയ പരാതിയിൽ ഫ്യൂച്ചർ ജനറാലി ഇൻഷുറൻസ് കമ്പനിക്കെതിരെയാണ് വിധി.

84 വയസ്സുള്ളയാൾക്ക് മെഡിക്കൽ പരിശോധന കൂടാതെ ഇൻഷുറൻസ് അംഗത്വം നൽകിയ ശേഷം ആനുകൂല്യം നിഷേധിക്കാനാവില്ലെന്ന് കമ്മീഷൻ വിധിച്ചു. പ്രായം പരിഗണിച്ചു നൽകുന്ന ഇത്തരം പോളിസികൾ ജീവിതശൈലീ രോഗങ്ങൾ മറച്ചുവെച്ചുവെന്നാരോപിച്ച് നിഷേധിക്കുന്നത് സേവനത്തിലുള്ള വീഴ്ചയാണെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

✪✪✪